# ജനാധിപത്യഹർത്താൽ: എളുപ്പവഴിയിൽ ചെയ്തുനോക്കിയ ക്രിയ

**കെ. മോഹനൻ**

നവംബർ 1ന് നടത്താൻ തീരുമാനിക്കപ്പെട്ട ജനാധിപത്യഹർത്താൽ വിജയിക്കാതിരുന്നതിനെസംബന്ധിച്ച് ആക്ഷേപഹാസ്യമാതൃകയിൽ എഴുതിയിരിക്കുന്നത് നന്നായിരിക്കുന്നു. ഹർത്താലിന് പിന്തുണ നൽകാതിരുന്നതിലൂടെ പിണറായിയും വെളിയവും അവരുടെ കക്ഷികളും എ.ഡി.ബി. അനുകൂലികളാണെന്ന് സ്വയം തെളിയിച്ചിരിക്കുന്നു. അതെ, അവരെ നമ്മൾ ഒരു കെണിയിൽപ്പെടുത്തി. എ.ഡി.ബിക്ക് എതിരെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താണോ ഹർത്താലിന് പിന്തുണ പ്രഖ്യാപിക്കുക; അല്ലെങ്കിൽ എ.ഡി.ബി. അനുകൂലികളാകുക. നമുക്ക് വല്ല നഷ്ടവുമുണ്ടോ ഹർത്താൽ വിജയിച്ചാൽ, എ.ഡി.ബിക്കെതിരെ ജനങ്ങളൊട്ടാകെ 'ക്വിറ്റ് കേരള പ്രക്ഷോഭസമിതി'യുടെ കൂടെയാണെന്ന് വരുത്താം. മറിച്ചായാലോ, വിയോജിക്കാനുള്ള ജനാധിപത്യ അവകാശം അംഗീകരിക്കപ്പെട്ടതിൽ ആനന്ദിക്കാം.

ഒന്നു ചോദിക്കട്ടെ. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിലെ സംഘടിതമേഖലയിൽ പണിയെടുക്കുന്നവർ പ്രക്ഷോഭരംഗത്താണ്. എ.ഡി.ബി. നിർദ്ദേശപ്രകാരം അവകാശങ്ങൾ വെട്ടിക്കുറക്കാൻ സർക്കാർ തീരുമാനിച്ചപ്പോൾ, അതിനെതിരെ ഐതിഹാസികം എന്നു തന്നെ വിശേഷിപ്പിക്കാവുന്ന തരത്തിലുള്ള ഒരു സമരമാണ് സർക്കാർ ജീവനക്കാർ നടത്തിയത്. അന്ന് 'ക്വിറ്റ് കേരള പ്രക്ഷോഭ സമിതി'യുടെ തൃശ്ശൂർ ജില്ലാനേതാക്കന്മാർ എന്തു ചെയ്യുകയായിരുന്നു? സമരത്തിനെതിരെ ജാഥ നടത്തുകയായിരുന്നു അവർ. കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ പിരിച്ചുവിടണമെന്ന നിലപാട് പുലർത്തുന്നവർക്ക്, അതേ നിലപാട് നടപ്പിലാക്കാൻ പോകുന്ന എ.ഡി.ബിക്കെതിരെ എന്ത് രീതിയിലുള്ള വൈരുദ്ധ്യമാണ് ഉള്ളത്? പണിയെടുക്കുന്നവരുടെ ജീവിതത്തിലെ തികച്ചും സ്വാഭാവികവും അതേ സമയം ഗുണപരവും ആയ വളർച്ചയാണ് 'സംഘടിക്കുക' എന്നത്. അതിനെ സോഷ്യൽ ഫാസിസമെന്ന് മുദ്ര കുത്തിയ പാരമ്പര്യമല്ലേ 'ക്വിറ്റ് കേരള പ്രക്ഷോഭസമിതി'ക്കുള്ളത്?

'ക്വിറ്റ് കേരള പ്രക്ഷോഭസമിതി'യുടെ നേതാക്കന്മാരും പ്രവർത്തകരും ഇതുവരെ ചെയ്തതൊക്കെ മറന്ന് ഹർത്താൽ വിജയിപ്പിക്കാൻ ജനങ്ങളെന്താ നിങ്ങളുടെ അടിമക്കൂട്ടമോ? 'എ.ഡി.ബിയോട് കേരളം വിട്ടു പോവുക' എന്ന മുദ്രവാക്യത്തോട് യോജിക്കാൻ എന്താണ് വിഷമം എന്ന ന്യായമായ ചോദ്യം ഉയർന്നേക്കാം. എല്ലാ ന്യായമായ മുദ്രാവാക്യങ്ങളോടും യോജിക്കാൻ മനസ്സില്ല എന്നതന്നെ ഉത്തരം. നിങ്ങൾക്ക് യാതൊരു വിശ്വാസ്യതയും ഇല്ല കൂട്ടരേ. 'ഒരു ഭിക്ഷക്കാരനോടു പോലും അവന്റെ പ്രശ്നങ്ങൾക്ക് കാരണം ആഗോളവൽക്കരണമാണെന്ന് പറയുന്നവരാണ്ആഗോളവൽക്കരണവിരുദ്ധർ' എന്ന് ആഗോളവൽക്കരണത്തെ വെള്ള പൂശാൻ ശ്രമിക്കുന്നവർ, ഹർത്താലിന്റെ തലേ ദിവസം തൊണ്ടപൊട്ടി ഹർത്താൽ വിജയിപ്പിക്കാൻ പറഞ്ഞാലൊന്നും അത് വിജയിക്കുകയില്ല. 'ഭാരതം ലോകവ്യാപാരസംഘടനയിൽ നിന്നും വിട്ടുപോരുക' എന്ന മുദ്രാവാക്യം ഉന്നയിച്ചുകൊണ്ട് ബി.എം.എസ് നടത്തിയ റാലിയുമായി എന്തുകൊണ്ട് കേരളം നിസ്സഹകരിച്ചു? സംഘപരിവാറിന്റെ ഒരു ഘടകത്തിനും അത് പറയാനുള്ള അർഹതയില്ല എന്നതുതന്നെ കാരണം. എ.ഡി.ബിക്കും സാമ്രാജ്യത്തനയങ്ങൾക്കുമെതിരായി ശരിയായ മുദ്രാവാക്യമുയർത്തിയതുകൊണ്ടായില്ല. കേരളത്തിലെ പണിയെടുക്കുന്നവരുടെയിടയിൽ പ്രവർത്തിച്ച് ആ മുദ്രാവാക്യമുയർത്താനുള്ള വിശ്വാസ്യത നേടുക എന്നതാണ് പ്രധാനം. എളുപ്പവഴിയിൽ ക്രിയ ചെയ്യുന്നത് എപ്പോഴും ഫലിക്കില്ല.